II ഇ.ബി.XIV-കേരള നിയമസഭ/V-15

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 17, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

51(* 451 ) വൈദ്യുതി മന്ത്രി നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലുള്ള കേസ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ പ്രസംഗിച്ച വൈദ്യുതി വകുപ്പുമന്ത്രിക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച കത്തിന്മേൽ നടപടി സ്വീകരിക്കണമെന്ന് ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് മൂന്നാർ ഡിവൈ.എസ്.പി. അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മന്ത്രിയുടെ പ്രസംഗത്തിൽ കേസെടുക്കത്തക്കവിധത്തിലുള്ള കുറ്റകൃത്യങ്ങൾ നടന്നതായി തെളിഞ്ഞിട്ടില്ലെന്നും

സഭയെ അറിയിച്ചു. നിയമത്തിനുമുന്നിൽ ആർക്കും പ്രത്യേക പരിഗണന ലഭിക്കില്ലെന്നും പരാതി ലഭിച്ചാൽ കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തുമെന്നും നിയമാനുസൃത നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

52(*452) <u>ശ്രീ. ടി. പി. സെൻകുമാർ സമർപ്പിച്ച ഹർജിയിന്മേലുള്ള സുപ്രീംകോടതി വിധി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ശ്രീ. ടി. പി. സെൻകുമാർ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേലുള്ള വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 28.04.2017-ന് ലഭിച്ചിട്ടുണ്ടെന്നും നിയമ വകുപ്പ് സെക്രട്ടറിയുടെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം തേടിയശേഷമാണ് ക്ലാരിഫിക്കേഷൻ ആപ്ലിക്കേഷനും റിവ്യൂ ഹർജിയും സമർപ്പിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. സുപ്രീം കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിക്ക് ജുവനൈൽ ജസ്റ്റിസ് ഇഷ്യൂസ് സംബന്ധിച്ച ആവശ്യങ്ങൾക്കായി 25,000/- രൂപ അടച്ചുകൊണ്ട് സർക്കാരിന്റെ ക്ലാരിഫിക്കേഷൻ ഹർജി പിൻവലിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ടി കേസുമായി ബന്ധപ്പെട്ട ചെലവ് സർക്കാർ ചെലവായി കണക്കാക്കുമെന്നും പോലീസ് സേനയിൽ അച്ചടക്കത്തിന് മുൻഗണന നൽകുമെന്നും അച്ചടക്കരാഹിത്യം അനുവദിക്കില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

53(* 453) സർക്കാർ ആശുപത്രികളുടെ പ്രവർത്തന നിലവാരം

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി 9 സർക്കാർ ആശുപത്രികൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അംഗീകാരവും 21 ആശുപത്രികൾക്ക് കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്-ന്റെ (കാഷ്) അംഗീകാരവും ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജീവിതശൈലീ രോഗങ്ങളും പകർച്ച വ്യാധികളും നിയന്ത്രിക്കുന്നതിനും രോഗപ്രതിരോധത്തിലൂന്നിയ ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സമ്പൂർണ്ണ ട്രോമാ കെയർ സിസ്റ്റം ആരംഭിക്കുന്നതിനും സി.എച്ച്.സി.-കളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം മൂവായിരത്തിലധികം തസ്തികകൾ സൃഷ്ടിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സാമൂഹ്യ-ആരോഗ്യ കേന്ദ്രങ്ങളെ 'കാഷ് '-ന്റെ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും

വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി ആർ.സി.സി.-യെയും മലബാർ ക്യാൻസർ സെന്ററിനെയും വിപുലീകരിക്കുമെന്നും എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ സെന്റർ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. എട്ട് ജില്ലാ ആശുപത്രികൾക്ക് കാത്ത് ലാബ് അനുവദിച്ചിട്ടുണ്ടെന്നും കെ.എം.സി.എൽ. മുഖേന 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ടെന്നും ഡെങ്കിപ്പനി വ്യാപനം തടയുന്നതിന് നെറ്റ് ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കണ്ണൂർ ജില്ലയിൽ ആരംഭിക്കുന്ന ആയുർദീപ്തം പദ്ധതി കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നതാണ്. തളിപ്പറമ്പ് താലൂക്ക് ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുമെന്നും താലൂക്ക് ആശുപത്രികളുടെ പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും ജില്ലാ ആശുപത്രികളെ പാലിയേറ്റീവ്/കീമോ സംവിധാനങ്ങളോടുകൂടിയ ആശുപത്രികളാക്കി മാറ്റുമെന്നും കണ്ണൂർ, എറണാകുളം ആശുപത്രികൾക്ക് കിഫ്ബിയിലൂടെ 76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

54(* 454) <u>കൊല്ലം-കോവളം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളുടെ വികസനം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, വിവിധ പദ്ധതികളിൽപ്പെടുത്തി കോവളം-

കൊല്ലം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും National Waterways Act 2016 പ്രകാരം കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദൂരം ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ദേശീയ ജലപാത-3 ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോവളം മുതൽ നീലേശ്വരം വരെയുള്ള ഭാഗവും യാത്രയ്ക്കും ചരക്ക് നീക്കത്തിനും അനുയോജ്യമായ രീതിയിൽ സഞ്ചാരയോഗ്യമാക്കിയിട്ടുണ്ടെന്നും മാഹി മുതൽ വളപട്ടണം വരെ വിവിധ ജലാശയങ്ങളെ ബന്ധപ്പെടുത്തി മൂന്ന് ഭാഗങ്ങളിൽ കനാൽ പുതുക്കി നിർമ്മിക്കേണ്ടതുണ്ടെന്നും വർക്കല തുരങ്കങ്ങൾ, കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഇ.കെ. കനാൽ തുടങ്ങിയവ വികസിപ്പിക്കേണ്ടതാണെന്നും കോട്ടപ്പുറം-നീലേശ്വരം ജലപാത ദീർഘിപ്പിക്കുന്ന കാര്യം പരിശോധിക്കുമെന്നും ജലപാത പൂർണ്ണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

55(* 455) <u>വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി പദ്ധതികൾ</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ,

നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും സന്നദ്ധ സംഘടനകൾ നടത്തുന്ന 300-ഓളം വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലെ വയോജനങ്ങൾക്കായി വയോമിത്രം, 'മന്ദഹാസം', 'വയോ അമൃതം' തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും 60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്ര നിയമം നടപ്പിലാക്കുകയും ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങളുടെ വിശദവിവരങ്ങളടങ്ങിയ അടങ്ങിയ രജിസ്റ്ററുകൾ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുകയും ഇവരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി ജനമൈത്രി ബീറ്റ് പോലീസുകാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകളും താലൂക്ക് ആശുപത്രികളിൽ വയോജന സൗഹൃദ ശൗചാലയങ്ങളും പണിയുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ടെന്നും മാനസികാരോഗ്യ പരിചരണത്തിനായി ജില്ലകൾതോറും മാനസികാരോഗ്യപദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നും 'സായംപ്രഭ' പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നും പക്ഷാഘാതം ബാധിച്ച പുനരധിവാസത്തിനായി സ്ട്രോക്ക് റീഹാബിലിറ്റേഷൻ സെന്ററുകളും കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് ദി എൽഡർലി (NPHCE) പ്രകാരം ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ജെറിയാട്രിക് കെയർ വാർഡ്, ജെറിയാട്രിക് ഒ.പി., ഫിസിയോതെറാപ്പി യൂണിറ്റുകളും സജ്ജീകരിച്ചിട്ടുണ്ടെന്നും ടി പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. തിരുവനന്തപുരം ജില്ലയിലെ രണ്ടു വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് മ്യൂസിക് തെറാപ്പി സൗകര്യവും വയോജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റും ലഭ്യമാക്കുന്നുണ്ടെന്നും 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം' എന്ന ക്യാമ്പയിനിലൂടെ ഓരോ പ്രദേശത്തും ഒറ്റപ്പെട്ട

താമസിക്കുന്ന വയോജനങ്ങളെ കണ്ടെത്തി പാർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി 1700-ഓളം വെൽഫെയർ സ്ഥാപനങ്ങൾക്ക് നിർത്തിവച്ചിരുന്ന അരി വിതരണം പുന:സ്ഥാപിക്കുമെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4155 മുതൽ 4459 വരെയുള്ള ചോദ്യങ്ങളിൽ 16 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)